# ഉദയം അപ്പർ സ്റ്റിച്ചിംഗ് യൂണിറ്റ് ഏഴുകണ്ടി, കിനാലൂർ പനങ്ങാട് പഞ്ചായത്ത് കോഴിക്കോട്.

പനങ്ങാട് ഗ്രാമ പഞ്ചായത്ത് സി.ഡി.എസിലെ കിനാലൂർ ഏഴുകണ്ടിയിൽ പ്രവർത്തിക്കുന്ന സംരംഭമാണ് ഉദയം അപ്പർസ്റ്റിച്ചിംഗ് യൂണിറ്റ്. 19 കുടുംബശ്രീ വനിതകളാണ് ആദ്യഘട്ടത്തിലുണ്ടായിരുന്നത്. ഇപ്പോൾ 9 അംഗങ്ങൾ മാത്രമാണുള്ളത്. കുടുംബശ്രീ താരശ്രീ പദ്ധതി പ്രകാരം ചെറുവണ്ണൂർ ഫൂട്ട്‌വെയർ ഡിസൈനിംഗ് ആന്റ് ഡവലപ്പ്മെന്റ് സെന്റർ എന്ന ഏജൻസി മുഖേന ഒരുമാസത്തെ വൈദഗ്ദ്യ പരിശീലനം ലഭിച്ചു. 2011 ഫെബ്രുവരിയിലാണ് യൂണിറ്റ് ആരംഭിച്ചത്. വി.കെ.സി ഗ്രൂപ്പുമായി സംയോജിച്ചാണ് യൂണിറ്റ് പ്രവർത്തിക്കുന്നത്. ഓരോ അംഗങ്ങളും 6500 രൂപ യൂണിറ്റിനായി മുതൽ മുടക്കിയിട്ടുണ്ട്.ജോഡിക്ക് പീസ്റേറ്റ് കണക്കിലാണ് വരുമാനം യൂണിറ്റിന് ലഭ്യമാകുന്നത്.മോഡലിനും മാർക്കറ്റിംഗിനും അനുസരിച്ച് വരുമാനത്തിൽ മാറ്റമുണ്ടാകാരുണ്ട്. ഒരാൾക്ക് 6000 രൂപ മുതൽ 12000 രൂപ വരെ നിലവിൽ പ്രതിമാസം വരുമാനം ലഭിക്കുന്നുണ്ട്. ലഭിക്കുന്ന വരുമാനത്തിൽ നിന്ന് കെട്ടിട വാടക, മെഷീനറി മെയിന്റനൻസ് കോസ്റ്റ്, വൈദ്യുതി ചാർജ്ജ് എന്നിവ വഹിക്കുന്നു. അസംസ്കൃത വസ്തുക്കൾ വി.കെ.സി ഗ്രൂപ്പ് യൂണിറ്റിലെത്തിക്കുകയും ഉൽപ്പന്നങ്ങൾ തിരിച്ച് കമ്പനി തന്നെ വന്ന് നേരിട്ട് ശേഖരിക്കുന്നതിനാൽ ട്രാൻസ്പോർട്ടേഷൻ ചെലവ് യൂണിറ്റ് വഹിക്കേണ്ടി വരുന്നില്ല.

കഴിഞ്ഞ വർഷമാണ് യൂണിറ്റ് സി.ഡി.എസിൽ രജിസ്റ്റർ ചെയ്തത്. കുചുംബശ്രീയുടേയോ, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റേയോ സാമ്പത്തിക സഹായം ലഭിച്ചിട്ടില്ല.

ബിൻസി.ഇകെ

ബ്ലോക്ക് കോ ഓർഡിനേറ്റർ

ഡി.ഡി.യു.ജി.കെ.വൈ

ബാലുശേരി ബ്ലോക്ക്